ജോർജിയൻ

കുഴിമറ്റം സെന്റ് ജോർജ് യുവജനപ്രസ്ഥാനം പ്രസിദ്ധീകരണം | പുസ്തകം 17 | ലക്കം 2 | ഓഗസ്റ്റ് 2015 | പേജ് 4

സാധകന്റെ സഞ്ചാരപഥങ്ങളിലൂടെ ഒരു പുനർയാത്ര

ബിനു ഏബ്രഹാം കാരാണിക്കുളം



സർക്കാർ ജോലിയ്ക്കായി നെട്ടോട്ടമോടുന്ന ഈ കാലത്ത് നാം അറിയാതെപോയ ഒരു വ്യക്തിത്വം ഉണ്ട്. 1970-കളിൽ തനിക്ക് ലഭിച്ച റവന്യൂ വകുപ്പിലെ ജോലി ഉപേക്ഷിച്ച് തന്റെ ജീവിതം ദൈവത്തിനായി മാറ്റിവച്ച ഒരു മനുഷ്യൻ തനിക്കു ലഭിക്കുന്ന ഭൗതികസുഖങ്ങളേക്കാൾ ആത്മീയതയിൽ ലഹരി കണ്ടെത്തി തന്റെ ജീവിതത്തെ ദൈവത്തിലർപ്പിച്ച് സന്യാസപടവുകൾ നടന്നുകയറിയ ഒരു ശ്രേഷ്ഠൻ. ഈ ലോകത്തിൽനിന്ന് തന്റെ ആത്മാവിനെ ദൈവത്തിൽ സമർപ്പിച്ച് ഒരു വർഷം തികയുന്ന വന്ദ്യനായ റ്റി. എം. കുറിയാക്കോസ് റമ്പാച്ചൻ (താന്നിയ്ക്കൽ റമ്പാച്ചൻ) 1974-ൽ സന്യാസജീവിതത്തിനായി പത്തനാപുരം മൗണ്ട് താബോർ ദയറാ അദ്ദേഹം തിരഞ്ഞെടുത്ത് മലങ്കരയുടെ സന്യാസശ്രേഷ്ഠനായ തോമാ മാർ ദീവന്നാസിയോസിന്റെ ദർശനങ്ങളും പ്രാർത്ഥനാജീവിതവും ദൂരെനിന്ന് നോക്കി കണ്ടിട്ടാണ്. എങ്കിലും അദ്ദേഹത്തോടൊത്ത് ജീവിക്കുന്നതിന് റമ്പാച്ചന് കഴിഞ്ഞില്ല. 1972-ൽ അദ്ദേഹം ദൈവസന്നിധിയിലേക്ക് വിളിക്കപ്പെട്ടു. സന്യാസജീവിതം എന്നത് ദുഷ്കരമായി പലപ്പോഴും അനുഭവപ്പെട്ടിട്ടുണ്ടെങ്കിലും ശ്രേഷ്ഠരായ ഗുരുക്കന്മാരുടെ ഉപദേശങ്ങളെ ശിരസാവഹിച്ച് തന്നെ ഏൽപ്പിച്ച മേഖലകളിൽ വിശ്വസ്ത ദാസനായി ജീവിക്കുവാൻ വന്ദ്യ റമ്പാച്ചന് സാധിച്ചു.

ഓരോ ബാഹ്യയാത്രയും ബാഹ്യ അനുഭവങ്ങളും ആന്തരികയാത്രയുടെ ഒരു രൂപകമാണ്. ആദ്ധ്യാത്മിക പ്രതിബദ്ധതയുള്ള ഒരു സാധകന്റെ സഞ്ചാരപഥമാണത്. വഴിതെറ്റി പോകാനുള്ള സാദ്ധ്യതകൾ നിരവധിയാണ്. വശ്യമായ കാഴ്ചകൾ ധാരാളം വഴിയിലുണ്ടാവും. അവയിൽ ഏതാണ് ശരി, ഏതാണ് ചതി, ഏതാണ് സ്വീകാര്യം എന്ന് തിരിച്ചറിയാനുള്ള വലിയ പ്രയാസം നേരിടാം. കഠിനമായ ക്ഷീണംകൊണ്ട് സാധകൻ മനസ്സുമടുത്ത് പിന്തിരിഞ്ഞേക്കാം. മുമ്പിൽ ലക്ഷ്യം അകന്നകന്നു പോകുന്നതുകണ്ട് മരുമരീചികയിൽ അകപ്പെട്ട യാത്രക്കാരനെപ്പോലെ പരിക്ഷീണനായി വീണുപോകാം. ഇവിടെയെല്ലാം പരിണിതപ്രജ്ഞനായ ഒരു ആദ്ധ്യാത്മിക വഴികാട്ടിയുടെ സാന്നിദ്ധ്യം അത്യന്താപേക്ഷിതമാണ്. ആദ്ധ്യാത്മിക പാരമ്പര്യത്തിൽ ആചാര്യന്റെ സ്ഥാനമാണത്. വന്ദ്യ റമ്പാച്ചന്റെ സന്യാസ ജീവിതത്തിൽ വഴികാട്ടിയായി തീർന്നത് ആത്മാവിന്റെ പാതയിൽ ബഹുദൂരം സഞ്ചരിച്ച പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ കാതോലിക്കാ ബാവായായിരുന്നു. ഗുരുമുഖത്ത് നിന്ന് പഠിച്ച പ്രാർത്ഥനയും വിശ്വസ്തതയും തന്റെ ജീവിതത്തിൽ ഉടനീളം പുലർത്തിയിരുന്നു റമ്പാച്ചൻ. ഏതു രോഗാവസ്ഥയിലും യാമപ്രാർത്ഥനകൾക്ക് മുടക്കം വരാതെ പ്രാർത്ഥനാസമയത്തെക്കാൾ മണിക്കൂറുകൾക്കു മുമ്പ് ദേവാലയത്തിൽ പ്രവേശിച്ച് തന്റെ ജീവിതനന്മകളെയും അനുഗ്രഹങ്ങളെയും നന്ദിയോടെ ഓർക്കുകയും ആകുലതകളെയും പ്രയാസങ്ങളെയും കണ്ണുനീരോടുകൂടി രഹസ്യത്തിലുള്ള തന്റെ പിതാവിനോട് പറയുകയും ചെയ്തിരുന്നു. തന്റെ ദൈവത്തോട് ഒരു സുഹൃത്തിനെപ്പോലെ സംസാരിക്കാൻ കഴിയുമെന്ന് റമ്പാച്ചൻ പലപ്പോഴും പറഞ്ഞിട്ടുണ്ട്.

പ്രാർത്ഥനയുടെ നിത്യപ്രകാശത്തെ ഏവർക്കും പകർന്നുകൊടുക്കുവാൻ റമ്പാച്ചന് കഴിഞ്ഞിട്ടുണ്ട്. അതിന് തെളിവായിരുന്നു കബറടക്ക ശുശ്രൂഷയിലെ ജനസാന്നിധ്യം. തന്റെ ഗുരുവായ പരിശുദ്ധ ബാവാ തിരുമേനി ദൈവസന്നിധിയിലേക്ക് വിളിക്കപ്പെട്ടതിന് ഏതാനും മാസങ്ങൾക്ക് ശേഷം ശിഷ്യനും ഗുരുവിന് പിന്നാലെ ദൈവസന്നിധിയിലേക്ക് വിളിക്കപ്പെട്ടു. പരിശുദ്ധ ബാവായോട് കാണിച്ച ഭക്ത്യാദരവുകളിൽ അൽപംപോലും കുറവു വരാതെ വന്ദ്യ റമ്പാച്ചന്റെ കബറടക്കത്തിലും അനേകം ആളുകൾ പങ്കെടുത്തത് ഗുരുമുഖത്തുനിന്ന് ലഭിച്ച പ്രാർത്ഥനയുടെ മഹത്വം കൊണ്ടാണ്.

കുഴിമറ്റം ഇടവകയുടെ ആദ്യ ദയറാക്കാരനും ആദ്യ സന്യാസിയുമായ വന്ദ്യ റമ്പാച്ചൻ ഇടവകയെയും യുവജനങ്ങളെയും വളരെയേറെ സ്നേഹിച്ചിരുന്നു. പലപ്പോഴും ഇടവകകളിലെ രോഗികളെ കണ്ട് പ്രാർത്ഥിക്കുന്നതിനും ശുശ്രൂഷകർമ്മങ്ങളിൽ പങ്കെടുക്കുന്നതിനും പത്തനാപുരത്ത് നിന്ന് തലേദിവസം തന്നെ എത്തിച്ചേർന്നിരുന്നു. ചെറുപുഞ്ചിരിയോടെ കുശലാന്വേഷണങ്ങൾ നടത്തുന്ന റമ്പാച്ചനെ ഇടവകയ്ക്ക് മറക്കാനാവില്ല. നീണ്ട താടിയും വെള്ള കുപ്പായവും ധരിച്ച് കൈയിൽ ഒരു സഞ്ചിയിൽ കറുത്ത കുപ്പായവും പിടിച്ച് നിറഞ്ഞ സന്തോഷത്തോടെ ഇടവകയെ അന്വേഷിക്കുന്നു റമ്പാച്ചൻ. അദ്ദേഹം ഇടവകയോട് കാണിച്ച ആദരവിന്റെ ഒരു ഭാഗമെങ്കിലും നമുക്ക് അദ്ദേഹത്തോടും കാണിക്കാം. തീർത്ഥാടനം എന്നാൽ അക്കരെ എത്തുക എന്നാണർത്ഥം. സംസാരം ആകുന്ന സാഗരം കടന്ന് മറുകര എത്തുന്നവരാണ് യഥാർത്ഥ തീർത്ഥാടകർ. രക്ഷയുടെ മാർഗം സാഗരസമാനമാണ്. തിരമാലകളും ചതിച്ചുഴികളും നിറഞ്ഞ ആന്തരികയാനം വിജയകരമായി പൂർത്തീകരിച്ചെങ്കിലേ രക്ഷാതുറമുഖത്ത് എത്തിച്ചേരുകയുള്ളു. വിശ്വസ്ത ദാസനായി പ്രാർത്ഥനയിലൂടെ തന്റെ പിതാവിനോട് സംസാരിക്കുന്ന റമ്പാച്ചനോട് തന്റെ പ്രാർത്ഥനയിൽ ഇടവകയെയും ഓർക്കണമെന്ന് അഭ്യർത്ഥിക്കാം. ❑

ഉത്തമ ഇടയാ സമാധാനത്താലേ പോകുക

ബാബുകുട്ടി ഈപ്പൻ, മാമ്മൂട്ടിൽ

ദൈവസന്നിധിയിൽ സൗമ്യനും വിശ്വസ്തനുമായിരുന്നു ആ ദാസൻ. തന്റെ ബലഹീനാവസ്ഥയിൽ ദൈവത്തെ മുറുകെ പിടിച്ച ദൈവപുരോഹിതൻ ദൈവത്തിനായി നടകൊണ്ട ജീവിതം, വിനയവും വീക്ഷണവും അദ്ദേഹത്തിന്റെ മുഖമുദ്രകൾ ആയിരുന്നു.



''നല്ല വനും വിശ്വസ്തനുമായ ദാസനെ'' എന്ന വിളിക്കു യോഗ്യനായിരുന്നു സൈമൺ അച്ചൻ.

എഴുപതു കാലഘട്ടത്തിലെ കലുഷമായ സഭാ അന്തരീക്ഷത്തിൽ കണ്ടനാട് ഭദ്രാസനത്തിൽ വളരെയധികം ബുദ്ധിമുട്ടുകൾ നേരിട്ട അച്ചന് അന്നത്തെ കാതോലിക്കാ പരിശുദ്ധ ഔഗേൻ ബാവാ തിരുമേനിയാൽ കോട്ടയം ഭദ്രാസനത്തിലെ കുഴിമറ്റം ഇടവകയിൽ നിയമിതനായി. അതിനു ശേഷം ബഹു. എം. വി. ജോർജ് അച്ചനെ (ഗീവർഗീസ് മാർ ഒസ്താത്തിയോസ്) സഹവികാരിയായി നിയമിച്ചു. എന്നാൽ സൈമൺ അച്ചൻ തിരുമേനിയോട് വികാരിസ്ഥാനം ജോർജ് അച്ചന് നൽകണമെന്നും താൻ സഹവികാരിയായി ഇരുന്നുകൊള്ളാം എന്ന് അഭ്യർത്ഥിക്കപ്പെടുകയും അതിൻപ്രകാരമുള്ള കൽപന ലഭിക്കുകയും ചെയ്തു.

പള്ളി പണിയുന്ന കാലത്തും ജൂബിലിയുടെ കാലഘട്ടത്തിലും ബഹു. ഗബ്രിയേൽ അച്ചനോടൊപ്പം (ഗബ്രിയേൽ മാർ ഗ്രിഗോറിയോസ്) നമ്മുടെ പള്ളിയിൽ സൈമൺ അച്ചൻ സഹവികാരിയായി തുടർന്നു. പള്ളി പണിക്ക് ആവശ്യമായ കരിങ്കല്ലുകൾ സ്വന്തം ക്വാറിയിൽ നിന്നും സ്വന്തം വാഹനത്തിൽ എത്തിച്ചുതന്നു.

നീണ്ട 16 വർഷക്കാലം അദ്ദേഹം കുഴിമറ്റം പള്ളി വികാരിയായി ഇരുന്നു. തന്റെ സൗമ്യമായ ഇടപെടൽകൊണ്ട് ഇടവകമക്കൾക്ക് പ്രിയങ്കരനായി. ഈ കാലഘട്ടത്തിൽ പല ദിവസങ്ങളിലും രാത്രി ഭക്ഷണം കഴിക്കാതെ വി. കുർബാനയ്ക്കായി അച്ചൻ തയാറെടുക്കുമായിരുന്നു. മതിയായ വാഹന സൗകര്യമോ ഫോൺ സംവിധാനമോ ഇല്ലാത്ത ഈ നാളുകളിൽ ദേവാലയത്തിന്റെ ആവശ്യത്തിനായി അച്ചൻ യത്നിക്കുമായിരുന്നു.

ഏത് പ്രതിസന്ധിയിലും യാതൊരു പരാതിയോ പരിഭവമോ ഇല്ലാതെ തന്റെ ഇടവകയുടെ നടത്തിപ്പിനായി സഹകരിച്ചു പോകുന്ന രീതിയായിരുന്നു അച്ചൻ പുലർത്തിയത്. താൻ ഇടവക വികാരിസ്ഥാനം മാറിപ്പോയെങ്കിലും നമ്മുടെ ഇടവകയുമായി ഒരു നല്ല സ്നേഹബന്ധം നിലനിർത്തി പോകാൻ അദ്ദേഹത്തിന് സാധിച്ചു.

ഇടവക അദ്ദേഹത്തെ 2013-ൽ ഉപഹാരം നൽകി ആദരിച്ചു. ❑

എഡിറ്റോറിയൽ

ക്രിയാത്മകതയുടെ കൂട്ടായ്മ

ഇടവകയുടെ ശബ്ദമായ 'ജോർജിയൻ' ഒരിക്കൽകൂടി പ്രകാശിതമാവുകയാണ്. ഇടവകയുടെ ജിഹ്വയായ ഈ ത്രൈമാസിക ഈടിലും പ്രൗഢിയിലും അതിന്റെ തനിമ കാത്തുസൂക്ഷിക്കുവാൻ സാധിക്കുന്നതിൽ ദൈവത്തെ സ്തുതിക്കുന്നു. നമ്മുടെ ഇടവകയുടെ ആദ്ധ്യാത്മിക പ്രകാശമായിരുന്ന വന്ദ്യ റ്റി. എം. കുറിയാക്കോസ് റമ്പാച്ചനെയും വന്ദ്യ സൈമൺ അച്ചനെയും വന്ദ്യ ഇ. എം. ഫിലിപ്പ് അച്ചനെയും സ്മരിക്കുന്നു.

പരിശുദ്ധമായ പതിനഞ്ച് നോമ്പിലൂടെ നാം കടന്നുപോകുകയാണ്. പ്രാർത്ഥനയും നോമ്പും ഉപവാസവും മലങ്കരസഭാമക്കളുടെ ആദ്ധ്യാത്മിക ഭക്ഷണമാണ്. എന്നാൽ നമ്മൾ യുവജനങ്ങൾ ഈ ഭക്ഷണത്തിലൂടെ ഊർജ്ജം സംഭരിക്കുന്നതിൽ വളരെ പിന്നോക്കം പോയിരിക്കുന്നു. ഇത് മൂലം യുവതലമുറയ്ക്ക് സംഭവിച്ചിരിക്കുന്ന അപചയം ഭീകരമാണ്. ന്യൂജനറേഷൻ സിനിമകളും മീഡിയാകളും എല്ലാം യുവതലമുറയിൽ വമ്പിച്ച സ്വാധീനം ചെലുത്തുമ്പോൾ നമുക്ക് നഷ്ടപ്പെടുന്നത് നാം പൈതൃകമായി ആർജ്ജിച്ച നമ്മുടെ ആദ്ധ്യാത്മിക ജീവിതമാണ്. ആയതിനാൽ നോമ്പ്, ഉപവാസം, പ്രാർത്ഥന എന്നിവയിലൂടെ ഈ ആദ്ധ്യാത്മികതയെ നാം തിരിച്ചു പിടിക്കണം. മലങ്കരസഭയിൽ തപോജീവിതം നയിച്ച വന്ദ്യ കുറിയാക്കോസ് റമ്പാച്ചന്റെ മുമ്പിൽ ഒരു നിമിഷം നമ്ര ശിരസ്കനാവുന്നു. മറ്റ് പതിവ് പംക്തികളും പ്രൗഢമായ ലേഖനങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ട് പ്രകാശിപ്പിക്കുവാൻ ആവുന്നത്ര ശ്രമിച്ചിട്ടുണ്ട്.

ഇടവകയുടെ മുഖപത്രം പ്രാർത്ഥനാപൂർവ്വം സമർപ്പിക്കുന്നു.

ജോർജിയൻ

രക്ഷാധികാരി
ഫാ. വർഗീസ് മർക്കോസ് ആര്യാട്ട്

എഡിറ്റർ
റോജി പി. റോയി

എഡിറ്റോറിയൽ ബോർഡ്
കെൽവിൻ റ്റി. വർഗീസ്
റോഷിൻ കുരുവിള
റിക്കു വർഗീസ്

വര



– ഷാരോൺ സോണി

പ. സഭയുടെ ആരാധനയിലും പ്രാർത്ഥനയിലും പരിശുദ്ധ കന്യകമറിയാമിന്റെ പ്രസക്തി

ഫാ. വർഗീസ് മർക്കോസ് ആര്യാട്ട്

പരിശുദ്ധ സുറിയാനി സഭയുടെ ആരാധനയിലും ദൈവശാസ്ത്രത്തിലും സഭാ ജീവിതത്തിലും ശുദ്ധിമതിയായ കന്യകമറിയത്തിന്റെ സ്ഥാനം വളരെ വലുതാണ്. പ. സഭ കന്യകമറിയാമിനെ ദൈവത്തിന്റെ മാതാവെന്നും സ്ത്രീകളിൽ അനുഗ്രഹിക്കപ്പെട്ടവളെന്നും വിശേഷിപ്പിക്കുന്നു. വി. വേദപുസ്തകം പരിശോധിക്കുമ്പോൾ എപ്പോഴാണ് ഒരു വ്യക്തിക്ക് കന്യകമറിയാമിനെ അപ്രകാരം സംബോധന ചെയ്യുവാൻ സാധിക്കുന്നത് എന്ന് ലൂക്കോസ് 1:41,42 വാക്യങ്ങളിൽ വ്യക്തമാകും. എലിസബേത്ത് പരിശുദ്ധാത്മാവിൽ നിറഞ്ഞപ്പോഴാണ് കന്യകമറിയാമിനെ അപ്രകാരം വിളിക്കുന്നത്. പ. സഭയിൽ ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ നിറമുള്ളതുകൊണ്ടാണ് അപ്രകാരം വിളിച്ച് പുകഴ്ത്തുവാൻ സാധിക്കുന്നത്. വി. സഭ മനുഷ്യാവതാരത്തിന്റെ തുടർച്ചയാകയാൽ മനുഷ്യാവതാരം ചെയ്ത പുത്രൻ തമ്പുരാന്റെ മാതാവ് സഭയുടെയും മാതാവാണ്. വി. പൗലൂസ് ശ്ലീഹാ പറയുന്നത്, സഭ ക്രിസ്തുവിന്റെ ശരീരമാണ് എന്നാണല്ലോ. തലയായ ക്രിസ്തുവിന്റെ മാതാവ് ശരീരത്തിന്റെയും മാതാവാകുന്നു. സഭ പിതാക്കന്മാരുടെ വീക്ഷണത്തിൽ കാൽവറി കുരിശിൽ കിടന്നുകൊണ്ട് ക്രിസ്തുവിന്റെ ശിഷ്യനായ യോഹന്നാനെ മാതാവിന് ഭരമേൽപിക്കുന്ന നിമിഷം തന്റെ മാതാവിനെ പരിശുദ്ധ സഭയുടെ അമ്മയായി നൽകുകയായിരുന്നു എന്നതാണ്.

കാനാവിലെ വിരുന്നുഭവനത്തെക്കുറിച്ച് നാം ചിന്തിക്കുമ്പോൾ അവിടെ നടന്നതും പ. അമ്മയുടെ മകൻ ഒന്നാമതായി തന്റെ പരസ്യ ശുശ്രൂഷാ കാലത്ത് പ്രവർത്തിച്ചതായ അത്ഭുതം നാം കാണുമ്പോൾ അമ്മയുടെ മദ്ധ്യസ്ഥത വളരെ വ്യക്തമാകുന്നു. യഹൂദന്മാരെ സംബന്ധിച്ചിടത്തോളം ഉപ്പ് ഇല്ലാത്ത കറിപോലെയാണ് വീഞ്ഞില്ലാത്ത സദ്യകൾ അഥവാ വിരുന്നുകൾ. പന്തിയിൽ എല്ലാവർക്കും വിളമ്പുവാൻ സാധിക്കാതെ വീഞ്ഞ് തീർന്നുപോകുമ്പോൾ വിരുന്ന്പ്രമാണിയുടെ മാനസികാവസ്ഥ നമുക്ക് ചിന്തിക്കാം. സമൂഹം അദ്ദേഹത്തെ പരിഹസിക്കും. സംസ്കാരശൂന്യരായവർ അദ്ദേഹത്തോടു കയർത്തിരിക്കും. ഏതെല്ലാം രീതിയിലുള്ള സൗകര്യങ്ങൾ ഉണ്ടായിരുന്നാലും വിളമ്പിക്കൊണ്ടിരിക്കുന്ന പന്തിയിൽ ഒരു വിഭവം തീർന്നുപോയാൽ അത് നികത്തുവാൻ ബുദ്ധിമുട്ടാണ്. മനുഷ്യരുടെ എല്ലാ ബുദ്ധിമുട്ടുകളെയും തിരിച്ചറിയുവാൻ കഴിവുള്ള പ. മാതാവ് തന്റെ മകന്റെ സന്നിധിയിലേക്ക് ചെന്ന് "മകനെ ഇവർക്ക് വീഞ്ഞില്ല എന്ന് പറഞ്ഞു. അമ്മയുടെ അപേക്ഷ പുത്രൻ നിറവേറ്റിക്കൊടുത്തു. ആ മനുഷ്യനെ സഹായിക്കുകയും അനുഗ്രഹിക്കുകയും ചെയ്യുന്നു. മറ്റൊരു രഹസ്യം ഇതിന്റെ പിന്നിലുള്ളത് ആ മനുഷ്യന്റെ ഭവനത്തിലെ ചടങ്ങുകളിൽ ദൈവത്തെയും മാതാവിനെയും തന്റെ ശിഷ്യന്മാരെയും ക്ഷണിച്ചിരുന്നു എന്നതാണ്. പല പ്പോഴും ഇതുപോലുള്ള സന്ദർഭങ്ങളിൽ ദൈവത്തിന് നമ്മുടെ ഭവനത്തിൽ സ്ഥാനമില്ല. മാതാവിനെ ക്ഷണിക്കാറില്ല, സ്ഥാനം കൊടുക്കാറുമില്ല. അതുകൊണ്ട് പ്രതിസന്ധികളും പ്രശ്നങ്ങളും ഉണ്ടാകുമ്പോൾ മാത്രം നാം ദൈവത്തെയും ദൈവമാതാവിനെയും വിളിച്ചപേക്ഷിച്ചിട്ട് കാര്യമില്ല. നമ്മുടെ ഹൃദയമാകുന്ന ഭവനത്തിൽ എല്ലായ്പ്പോഴും ദൈവത്തിനും മാതാവിനും സ്ഥാനം ഉണ്ടായിരിക്കണം.

എല്ലാ പ്രാർത്ഥനകളും അവസാനിക്കുന്നത് അമ്മയുടെ മദ്ധ്യസ്ഥത അപേക്ഷിച്ചു കൊണ്ടാണ്. വി. കുർബാനയിൽ രഹസ്യത്തിലും പരസ്യത്തിലും വി. മാതാവിനെ ഓർക്കുന്നു. വി. കുർബാന പരസ്യമായി ആരംഭിക്കുന്നത് നിന്നെ പ്രസവിച്ച മറിയാമും നിന്നെ മാമോദീസാ മുക്കിയ യോഹന്നാനും ഞങ്ങൾക്കുവേണ്ടി നിന്നോടപേക്ഷിക്കുന്നു എന്നു ചൊല്ലിക്കൊണ്ടാണ്. വി. സഭയുടെ ക്രമീകരണത്തിൽ ബുധനാഴ്ച മാതാവിനെ പ്രത്യേകം അനുസ്മരിക്കുന്നു. മാതാവിന്റെ വചനിപ്പ് പെരുന്നാൾ വരുന്ന ദിവസം ദുഃഖവെള്ളിയാണെങ്കിൽ പോലും വി. കുർബാന അർപ്പിക്കണമെന്നുള്ളത് അതിന്റെ പ്രാധാന്യം വ്യക്തമാക്കുന്നു. അന്ത്യോഖ്യയിലെ വി. ഇഗ്നാത്യോസ്, മാതാവിന്റെ കന്യകാത്വത്തെ പുകഴ്ത്തുകയും രണ്ടാം ഹവ്വാ എന്ന് സംബോധന ചെയ്യുകയും മറിയാം പിതാവാം ദൈവത്തിന്റെ ഇഷ്ട പുത്രിയും പുത്രൻതമ്പുരാന്റെ മാതാവും പ. റൂഹായുടെ മണവാട്ടിയും വാസനഹവുമെന്ന് ചിത്രീകരിക്കുന്നു. ശുദ്ധിമതിയായ അമ്മയെ ആദരിച്ച് മദ്ധ്യസ്ഥത അഭയപ്പെടുന്ന പാരമ്പര്യമുള്ള സുറിയാനി സഭയിലെ മക്കൾ മാതാവിന്റെ ജീവിതമാതൃക പിന്തുടരുകയും ദൈവപുത്രനെ ലോകത്തിനു നൽകുന്ന വ്യക്തിത്വമായും ചെയ്യുമ്പോഴാണ് യഥാർത്ഥമായ മാതൃഭക്തി അർത്ഥപൂർണമാകുന്നത്. വേദപുസ്തകാടിസ്ഥാനവും പൂർവ്വപിതാക്കന്മാരുടെ സത്യവിശ്വാസത്തിന്റെ ഭാഗവുമായ മറിയാമിനെ ബഹുമാനിക്കുന്നതിനും മദ്ധ്യസ്ഥത യാചിക്കുന്നതിനും നമുക്ക് സാധിക്കണം. മാതാവിന്റെ പ്രാർത്ഥന തുണയാകട്ടെ.

ഹൃദയ നേർമ്മയുടെ മൂർച്ച

മലങ്കര ഓർത്തഡോക്സ് സഭയിലെ കോളജുകളിൽ അദ്ധ്യാപകനും, വിവിധ ഭദ്രാസന ഇടവകകളിൽ വികാരിയുമായിരുന്ന ഇ.എം. ഫിലിപ്പ് അച്ചന്റെ നേതൃത്വം വേറിട്ട ശബ്ദമായിരുന്നു.

ഇംഗ്ലീഷ് അദ്ധ്യാപകൻ, പ്രിൻസിപ്പാൾ, ഡയറക്ടർ എന്നീ നിലകളിൽ സ്തുത്യർഹമായി സേവനം അനുഷ്ഠിച്ച ഇ.എം. ഫിലിപ്പ് അച്ചന്റെ ധീരമായ നേതൃത്വവും സംഘടനാശേഷിയും സൗമ്യസ്വഭാവ വൈശിഷ്ട്യവും അത്യധികം ആകർഷകമായിരുന്നു.

സഭ ഏൽപ്പിച്ച ഉത്തരവാദിത്വങ്ങൾ ഭംഗിയായി പൂർത്തീകരിക്കുവാനും വിവിധ കർമ്മ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കുന്നതിനും സാധിച്ചു.

വിവിധ ഇടവകകളിലെ ഉത്തമ അജപാലകൻ, പ്രഗത്ഭനായ കോളജ് അധ്യാപകൻ എന്നീ നിലകളിൽ സേവനം അനുഷ്ഠിച്ച ഇ. എം. ഫിലിപ്പ് അച്ചനെ യുവജനങ്ങൾക്ക് വിസ്മരിക്കുവാൻ കഴിയുകയില്ല. സഭയുടെ പ്രവർത്തന പന്ഥാവുകളിൽ പുതു തലമുറ ശക്തിപ്പെട്ടു വരണമെന്ന് ആഗ്രഹിച്ച് യുവജനങ്ങളെ സംഘടിപ്പിക്കുന്നതിനും വിവിധ നൂതന പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനും പ്രത്യേകം ശ്രദ്ധിച്ചിരുന്നു. യുവജനപ്രസ്ഥാനത്തിന്റെ വൈസ്പ്രസിഡന്റായി ദീർഘകാലം പ്രവർത്തിച്ചതും യുവജനങ്ങളോടുള്ള അഭേദ്യമായ ബന്ധത്തിലാണ്. കർമ്മമണ്ഡലത്തിൽ അധികം നേരിട്ട് ഇടപെട്ടത് യുവജനങ്ങളോടായിരുന്നു. കർമ്മശേഷിയും സ്വഭാവ വിശുദ്ധിയും സഭയോടും സമൂഹത്തോടും പ്രതിബദ്ധതയുമുള്ള ഒരു തലമുറ വളർന്നു വരണമെന്ന് അദ്ദേഹം എപ്പോഴും ഉദ്ബോധിപ്പിക്കുമായിരുന്നു.



ഫാ. ഇ. എം. ഫിലിപ്പ്, എള്ളാലയിൽ, കുറിച്ചി

മലങ്കരസഭയിലെ വിവിധ ഭദ്രാസനങ്ങളിൽ വൈദിക ശുശ്രൂഷ നിർവ്വഹിച്ചതിനാൽ സഭയിലെ വിവിധങ്ങളായ പ്രാദേശിക ആചാരങ്ങളും അനുഷ്ഠാനങ്ങളും ഉൾക്കൊണ്ടിരുന്നു. കർമ്മശേഷിയും ധീരമായ നേതൃത്വവും സംഘടനാ വൈഭവവും അദ്ദേഹത്തിന്റെ മഹത് വ്യക്തിത്വത്തിന്റെ ഉദാത്ത മുദ്രയായിരുന്നു.

– ജോർജിയൻ ടീം

മാർഗ്ഗനിർദ്ദേശ ക്ലാസ്സുകൾ

കുഴിമറ്റം: യുവജനങ്ങളിൽ ഭാവി പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് വേണ്ട ഊർജ്ജം പകരുവാൻ വിവിധ മേഖലകളിൽ നൽകുന്ന മാർഗ്ഗനിർദ്ദേശ ക്ലാസ്സുകൾ മാസത്തിൽ രണ്ട് തവണ വീതം നടന്നുവരുന്നു. 'പരിസ്ഥിതിയും ജൈവവൈവിദ്ധ്യവും' എന്ന വിഷയത്തെ ആസ്പദമാക്കി നമ്മുടെ ഇടവകാംഗവും ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റ് റിട്ടയർഡ് ഉദ്യോഗസ്ഥനുമായ ശ്രീ. ജോയി കുര്യൻ പ്ലാപ്പറമ്പിൽ ഈ വർഷത്തെ ക്ലാസുകൾ ഉദ്ഘാടനം ചെയ്തു. പിന്നീട് ബിനു ഏബ്രഹാം, റിറ്റു ഫിലിപ്പോസ് എന്നിവർ വിവിധ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി.

ഒരു നിമിഷം

നിങ്ങളുടെ വിലയേറിയ
അഭിപ്രായങ്ങളും നിർദ്ദേശങ്ങളും
നിങ്ങളുടെ സൃഷ്ടികളും
ഞങ്ങൾക്ക് അയയ്ക്കുക.

എഡിറ്റർ, ജോർജിയൻ,
സെന്റ് ജോർജ് ഓർത്തഡോക്സ്
ചർച്ച്, കുഴിമറ്റം പി. ഒ.
കോട്ടയം
പിൻ: 686 533

സെന്റ് ജോർജ്ജ് ഓർത്തഡോക്സ് യുവജനപ്രസ്ഥാനം, കുഴിമറ്റം, കോട്ടയം

ഭാരവാഹികൾ 2015–16

പ്രസിഡന്റ്
ഫാ. വർഗീസ് മർക്കോസ് ആര്യാട്ട്

വൈസ് പ്രസിഡന്റ്
അജു അലക്സ് മാമ്മൂട്ടിൽ

സെക്രട്ടറി
റിക്കു വർഗീസ് പാച്ചിറ

ജോയിന്റ് സെക്രട്ടറി
കെൽവിൻ റ്റി. വർഗീസ് കാരാണിക്കുളം
ജിത്തു വർഗീസ് എരുമത്താനം

ട്രഷറർ
സെൻ എസ് മാമ്മൂട്ടിൽ

പള്ളം ഗ്രൂപ്പ് പ്രതിനിധി
റോഷിൻ ഫിലിപ്പ് നീലഞ്ചിറ

കലാസാഹിത്യവേദി
ഷാജു ഷാജി കന്യാകോണിൽ
ഷാരോൺ സോണി പുത്തൻപുരയ്ക്കൽ

ഓഡിറ്റേഴ്സ്
രാജ് ഫിലിപ്പ് മുതലകേരിൽ
ബിനു ഏബ്രഹാം കാരാണിക്കുളം

കമ്മറ്റി അംഗങ്ങൾ
ജെറിൻ രാജു തുണ്ടിപ്പറമ്പിൽ
ഷെറിൻ വർഗീസ് പാച്ചിറ
ജെറി ജോർജ് വെള്ളുത്തോട്ടൽ
അശ്വിൻ കെ. വർഗീസ്
എരുമത്താനത്ത് പൂവേലിൽ
അമൽ ഫിലിപ്പ് ജോർജ്
കണിയാംപറമ്പിൽ

ഗുരുപാരമ്പര്യത്തിന്റെ നൈരന്തര്യം

രാജ് ഫിലിപ്പ്



ഓർമ്മകൾ ഉണ്ടാകുന്നത് നമുക്ക് ഏറെ നഷ്ടങ്ങൾ ഉണ്ടാകുമ്പോൾ ആണ്. ഓർമ്മകൾക്ക് സുഗന്ധം ഉണ്ടാകുന്നത് നമുക്ക് ഒന്നും നഷ്ടമല്ലാതാകുമ്പോഴാണ്. ഇന്നലെകൾ ഇന്നിന്റെ സ്മരണകൾ ആണ്. നാളെകൾ ഇന്നിന്റെ സ്വപ്നങ്ങളും. ഒരു ഓർമ്മപുസ്തകം തുറക്കുകയാണ്. അവയിലെ മഷി പടരാത്ത, നിറം മങ്ങാത്ത ഓർമ്മകൾ ഇവിടെ പകർത്തുകയാണ്.

വിശ്വഗുരുവും ലോകമെങ്ങുമുള്ള വിദ്യാർത്ഥികളുടെ ആരാധനാപുരുഷനും ശാസ്ത്രലോകത്തെ അത്ഭുതവുമായ ബഹുമാന്യനായ ഡോ. എ. പി. ജെ. അബ്ദുൾ കലാം എന്ന മഹത്വ്യക്തിയെ നേരിൽ കണ്ട് സംസാരിക്കണം എന്നത് ജീവിതാഭിലാഷങ്ങളിൽ ഒന്നായിരുന്നു. അദ്ദേഹത്തിന്റെ ജീവിതവും പ്രഭാഷണങ്ങളും പഠനങ്ങളും വീക്ഷണങ്ങളും യൗവനത്തിന്റെ പ്രയാണങ്ങൾക്ക് ദിശാബോധം നൽകിയിരുന്നു. പുതിയ സഹസ്രാബ്ദത്തിന്റെ ആദ്യദശകത്തിൽ, ശബ്ദത്തിന്റെ നിശബ്ദ വിപ്ലവകാലത്ത് ഭാരപ്പെടലുകളുടെ മാറാപ്പുകൾ തോളിലേറ്റാതെ ഭാരതത്തിന്റെ യൗവനത്തെ ചലനാത്മകമാക്കുവാൻ അഹോരാത്രം യത്നിച്ച ഗുരുവര്യൻ. മാർ ഗ്രീഗോറിയോസ് കാരുണ്യനിലയത്തിന്റെ ലൈറ്റ് ഓഫ് ലൈഫ് പ്രോജക്ട് ഉദ്ഘാടനവേളയിൽ സദസ്സിലിരുന്ന് ആ മഹത്വ്യക്തിയുടെ പ്രഭാവവും പ്രസരിപ്പും പ്രഭാഷണവും നുകരുവാൻ സാധിച്ച തൊഴിച്ചാൽ അടുത്ത് കണ്ട് സംസാരിക്കണം എന്ന ആഗ്രഹം ഒരു സ്വപ്നമായി അവശേഷിച്ചു.

അവസാനവർഷ എഞ്ചിനിയറിംഗ് വിദ്യാർത്ഥി ആയിരിക്കെ അബ്ദുൾ കാലാം സാറിനെ നേരിൽ കണ്ട് സംസാരിക്കുവാൻ അവസരം ഒരുക്കിത്തന്നത് പ്രിയ സുഹൃത്ത് രഞ്ജു കെ. മാത്യു ആണ്. 2007–ൽ അദ്ദേഹം കേരളം സന്ദർശിച്ച വേളയിൽ ട്രാവൻകൂർ മാനേജിമെന്റ് ഫെസ്റ്റ് ഉദ്ഘാടനം ചെയ്യുവാൻ കോട്ടയം മാമ്മൻ മാപ്പിള ഹാളിൽ എത്തി. പരിപാടിയുടെ മുഖ്യ സംഘാടകൻ രഞ്ജുവിന്റെ സുഹൃത്താ യിരുന്നു. കോളജിൽ നിന്നും ഒരു അദ്ധ്യാപകനും നാല് വിദ്യാർത്ഥികളുമടങ്ങുന്ന ഒരു ചെറിയ സംഘം അബ്ദുൾ കലാം സാറിനെ കാണുവാൻ കോട്ടയത്ത് സമ്മേളനസ്ഥലത്ത് എത്തി. അവസാനവർഷ പഠനകാലത്ത് ഞങ്ങൾ രൂപകൽപന ചെയ്ത പ്രൊജക്ട് അബ്ദുൾ കലാം സാറിനെ പരിചയപ്പെടുത്തണം എന്നതായിരുന്നു പ്രധാന ലക്ഷ്യം. ഹാളിൽ പ്രവേശിക്കുവാൻ ഉള്ള ബാഡ്ജ് രഞ്ജു തയ്യാറാക്കി നൽകി. രഞ്ജുവും കോളജിൽ നിന്നെത്തിയ ഞങ്ങളുടെ സംഘവും രാവിലെ തന്നെ ഹാളിന്റെ മധ്യഭാഗത്ത് ഇരുപ്പും ഉറപ്പിച്ചു.

കൃത്യസമയത്ത് ഉദ്ഘാടനപ്രസംഗത്തിനായി അബ്ദുൾ കലാം സാർ വേദിയിൽ എത്തി. മനോഹരമായി സംസാരിച്ചു നിർത്തി. എന്നിട്ട് ചോദിച്ചു, എനി ക്വസ്റ്റ്യൻസ്? എന്റെ സഹപാഠി മൈക്ക് വാങ്ങി മനോഹരമായി ഒരു മിനിറ്റുകൊണ്ട് പ്രൊജക്ട് അവതരിപ്പിച്ചു. കിട്ടിയ അവസരം എന്റെ സഹപാഠി അതിഗംഭീരമായി വിനിയോഗിച്ചു. അബ്ദുൾ കലാം സാർ പറഞ്ഞു, പ്ലീസ് സിറ്റ് ഡൗൺ. ഞങ്ങൾ ശരിക്കും വിഷമത്തിലായി. അബ്ദുൾ കലാം സാർ ഒരു അക്ഷരം പോലും മറുപടി പറയാതെ തിരികെ സീറ്റിലേക്ക് മടങ്ങി. ദേശീയഗാനത്തിന് ശേഷം കലാം സാർ വേദിയിൽ നിന്നും വിടവാങ്ങി. ഞങ്ങളുടെ കണ്ണുകൾ നിറഞ്ഞു. സങ്കടം കടിച്ചമർത്തി. വരേണ്ടിയിരുന്നില്ല എന്ന് ഞങ്ങൾക്കും തോന്നി.

ആ സമയം സംഘാടകരിൽ ഒരാൾ ഓടിയെത്തി. നിങ്ങളെ അന്വേഷിച്ച് സാർ പുറത്ത് കാത്തുനിൽക്കുന്നു എന്നു പറഞ്ഞു. ഞങ്ങൾ ഓടി അബ്ദുൾ കലാം സാറിന്റെ അടുത്ത് എത്തി. ഉറക്കെ പറയൂ എന്ന് മലയാളത്തിൽ ആദ്യം പറഞ്ഞു. പ്രൊജക്ടിനെപ്പറ്റി ചോദിച്ചറിഞ്ഞു. പഠിക്കുവാൻ റിപ്പോർട്ട് തരുവാൻ ആവശ്യപ്പെട്ടു. റിപ്പോർട്ട് മറിച്ചുനോക്കി സ്റ്റാഫിനെ ഏൽപിച്ചു. പേന എടുത്ത് ഇമെയിൽ വിലാസം കുറിച്ചുതന്നു. മെയിൻ പ്രൊജക്റ്റിന് ഗൈഡൻസ് തരാം എന്ന് പിന്നീട് ഇമെയിലിൽ ഉറപ്പുനൽകി. ദൈവത്തിന് നന്ദി. രഞ്ജു ആ മുഹൂർത്തങ്ങൾ ക്യാമറായിൽ പകർത്തിയത് ഇന്നും സൂക്ഷിച്ചിട്ടുണ്ട്. പിന്നീട് ആ പ്രൊജക്റ്റ് കേരളത്തിലെ ആ വർഷത്തെ മികച്ച പ്രൊജക്റ്റായി മലയാളമനോരമ 'യുവ' തിരഞ്ഞെടുത്തു. കലാം സാറിന്റെ അനുമോദനവും പിന്നാലെ എത്തി.

ഇതൊക്കെയാണെങ്കിലും എന്റെ സ്വകാര്യസന്തോഷത്തിൽ മുമ്പിൽ നിൽക്കുന്നത് 2006–ൽ അബ്ദുൾകലാം സാർ അദ്ദേഹത്തിന്റെ അവസാനത്തെ സ്വാതന്ത്ര്യദിന സന്ദേശത്തിൽ സഭാസ്ഥാപനമായ മാർ ഗ്രീഗോറിയോസ് കാരുണ്യാനിലയത്തിന്റെ പ്രവർത്തനങ്ങളെ അനുമോദിച്ചതാണ്. ജീവകാരുണ്യ പ്രവർത്തനത്തിൽ ഇന്ത്യയിൽ ഈ സ്ഥാപനം മാതൃകയാണെന്നും ആ രംഗത്തുള്ളവർ കാരുണ്യനിലയത്തിന്റെ പ്രവർത്തനങ്ങളെ കണ്ടു മനസ്സിലാക്കണമെന്നും ഉദാഹരണസഹിതം വിവരിച്ചു.

ഡോ. എ. പി. ജെ. അബ്ദുൾകലാം എന്ന് മഹാഗുരു ഇനി ഓർമ്മകളിൽ ജീവിക്കും. അടഞ്ഞ മിഴികളിൽ വെളിച്ചം ഉണ്ട്. നമുക്ക് മിഴിപൂട്ടി ആ വെളിച്ചത്തെ ധ്യാനിക്കാം. പ്രചോദനമാണ് ഗുരുധർമ്മം. ഭാരതീയ ഗുരുപാരമ്പര്യത്തിന്റെ നൈരന്തര്യത്തിന് പ്രണാമം. ❑

നിറങ്ങളിൽ ചാലിച്ച കലാവിരുന്ന്

കുഴിമറ്റം : സെന്റ് ജോർജ്ജ് ഓർത്തഡോക്സ് യുവജനപ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ കഴിഞ്ഞ 16 വർഷമായി നടത്തിവരുന്ന നിറക്കൂട്ട് ചിത്രരചനാമത്സരം ഈ വർഷം ജൂലൈ 11–ാം തീയതി ശനിയാഴ്ച രാവിലെ 8 മണി മുതൽ പള്ളി പാരീഷ്ഹാളിൽ നടത്തി. ഫാ. വർഗ്ഗീസ് മർക്കോസ് ഉദ്ഘാടനം ചെയ്ത മത്സരത്തിൽ 52 സ്കൂളുകളിൽ നിന്നായി 600–ഓളം കുട്ടികൾ പങ്കെടുത്തു. മത്സരത്തിൽ ഏറ്റവും കൂടുതൽ കുട്ടികളെ പങ്കെടുപ്പിച്ച സ്കൂളിനുള്ള പട്ടശ്ശേരിലായ വാഴച്ചിറ വി. യു. ജോൺ മെമ്മോറിയൽ എവർറോളിംഗ് ട്രോഫി ചിങ്ങവനം ക്ലിമ്മീസ് സ്കൂളും, ഏറ്റവും കൂടുതൽ പോയിന്റ് നേടിയ സ്കൂളിനുള്ള എണ്ണശ്ശേരിലായ എരുമത്താനത്ത് മോഹൻ ജോർജ്ജ് മെമ്മോറിയൽ എവർറോളിംഗ് ട്രോഫി ഞാലിയാകുഴി എം. ജി. ഇ. എം. സ്കൂളിനും ലഭിച്ചു.

പ്രവർത്തനോത്ഘാടനം



കുഴിമറ്റം: സെന്റ് ജോർജ്ജ് ഓർത്തഡോക്സ് യുവജനപ്രസ്ഥാനത്തിന്റെ 2015–16 വർഷത്തെ പ്രവർത്തനോദ്ഘാടനം മെയ് 10–ാം തീയതി വി. കുർബ്ബാനയ്ക്കുശേഷം ഓർത്തഡോക്സ് സഭ കൊച്ചി ഭദ്രാസനാധിപനും യുവജനപ്രസ്ഥാനം മുൻ കേന്ദ്ര പ്രസിഡന്റുമായ അഭിവന്ദ്യ യാക്കോബ് മാർ ഐറേനിയോസ് തിരുമേനി നിർവഹിച്ചു. 2015–16 വർഷത്തെ പ്രവർത്തന കലണ്ടർ പ്രകാശനം ചെയ്തു. സമ്മേളനത്തിൽ ഫാ. കെ. എം. മാത്യു കുളക്കാട്ടുശ്ശേരിൽ, ഫാ. ജിജോ പുതുപ്പള്ളി, വികാരി ഫാ. വർഗീസ് മർക്കോസ് എന്നിവർ സന്നിഹിതരായിരുന്നു.

അനുഗ്രഹീത പരിസമാപ്തി

പാമ്പാടി: യുവജനപ്രസ്ഥാനത്തിന്റെ 79–ാമത് അന്തർദ്ദേശീയ സമ്മേളനം കോട്ടയം ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ പാമ്പാടി മാർ കുറിയാക്കോസ് ദയറായിൽ വെച്ച് മെയ് 14, 15, 16 തീയതികളിൽ നടത്തപ്പെട്ടു. പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ തിരുമനസ്സുകൊണ്ട് ഉദ്ഘാടനകർമ്മം നിർവഹിച്ചു. യുവജനപ്രസ്ഥാനം പ്രസിഡന്റ് അഭി. യൂഹാനോൻ മാർ പോളിക്കാർപ്പോസ് മെത്രാപ്പോലീത്ത അദ്ധ്യക്ഷത വഹിച്ചു. "അവൻ വളരേണം ഞാനോ കുറയേണം" എന്ന ചിന്താവിഷയത്തെ അടിസ്ഥാനമാക്കി ക്ലാസ്സുകളും, ധ്യാനങ്ങളും, സംവാദങ്ങളും നടത്തി.

ഭദ്രാസന വാർഷികം

കൊല്ലാട്: ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം കോട്ടയം ഭദ്രാസനത്തിന്റെ 79-ാമതു വാർഷികസമ്മേളനം 2015 ജൂലൈ 26 ഞായറാഴ്ച കൊല്ലാട് സെന്റ് പോൾസ് ഓർത്തഡോക്സ് പള്ളിയിൽ നടത്തി. സമ്മേളനം അഭിവന്ദ്യ ഗീവർ ഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ യൂഹാനോൻ മാർ പോളികാർപ്പോസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷത വഹിച്ചു. സമാപനസമ്മേളനം പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്തു. ഫാ. തോമസ് വർഗീസ് കാവുങ്കൽ, ഫാ. മാത്യൂസ് റ്റി. ജോൺ, ഫാ. തോമസ് ആൻഡ്രൂസ്, ശ്രീ. പ്രസാദ് ഏബ്രഹാം വർഗീസ്, ഫാ. ജോൺ ജോസഫ് ചാലശ്ശേരിൽ, ശ്രീ. ആൻസൺ കുര്യൻ, ശ്രീ. വർക്കി പ്രസാദ്, ശ്രീ. ജോസ് കുര്യൻ, ശ്രീ. അനീഷ് മാത്യു എന്നിവർ പ്രസംഗിച്ചു. കുഴിമറ്റം യുവജനപ്രസ്ഥാനത്തെ പ്രതിനിധീകരിച്ച് 22 അംഗങ്ങൾ പങ്കെടുത്തു.

സെന്റ് ജോർജ് സണ്ടേസ്കൂളിന് മികച്ച നേട്ടം

കുഴിമറ്റം: സണ്ടേസ്കൂൾ ഡ്സ്ട്രിക്റ്റ്, ഭദ്രാസന, സോണൽ തലങ്ങളിൽ കുഴിമറ്റം സെന്റ് ജോർജ് സണ്ടേസ്കൂളിന് ഈ വർഷം മികച്ചനേട്ടം കൈവരിക്കുവാൻ സാധിച്ചു. മത്സരപരീക്ഷയിൽ കൂടുതൽ പോയിന്റുകൾ നേടിയ സണ്ടേസ്കൂളിനുള്ള അവാർഡും പത്താം ക്ലാസ്സിൽ ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ വിജയിച്ച സണ്ടേസ്കൂളിനുള്ള അവാർഡും ഏറ്റവും കൂടുതൽ മാർക്ക് നേടിയ കുട്ടി പഠിച്ച സണ്ടേസ്കൂളിനുള്ള അവാർഡും, ഡിസ്ട്രിക്റ്റിലെ മികച്ച വിദ്യാർത്ഥി പഠിച്ച സണ്ടേസ്കൂളിനുള്ള അവാർഡും, സഹപാഠ്യ മത്സരത്തിൽ ഏറ്റവും കൂടുതൽ പോയിന്റ് നേടിയ സണ്ടേസ്കൂളിനുള്ള അവാർഡും നേടി കുഴിമറ്റം സെന്റ് ജോർജ് സണ്ടേസ്കൂൾ ഡിസ്ട്രിക്റ്റിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി.

ഡിസ്ട്രിക്റ്റ് വാർഷികം

കാരമൂട്: ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനത്തിന്റെ പള്ളം ഡിസ്ട്രിക്റ്റ് വാർഷികം ജൂലൈ 12-ാം തീയതി ഞായറാഴ്ച കാരമൂട് സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയിൽ വെച്ച് നടന്നു. പള്ളം ഡിസ്ട്രിക്റ്റ് പ്രസിഡന്റ് ഫാ. വർഗീസ് മർക്കോസ് ആര്യാട്ട് അദ്ധ്യക്ഷത വഹിച്ചു. റവ. പീലിപ്പോസ് റമ്പാൻ കോർഎപ്പിസ്കോപ്പ ഉദ്ഘാടനം നിർവഹിച്ചു.

ഭാരവാഹികൾ

കുഴിമറ്റം: കുഴിമറ്റം പള്ളി വികാരിയും സെന്റ് ജോർജ്ജ് യുവജനപ്രസ്ഥാനം പ്രസിഡന്റുമായ റവ. ഫാ. വർഗീസ് മർക്കോസ് ആര്യാട്ടിനെ യുവജനപ്രസ്ഥാനം പള്ളം ഡിസ്ട്രിക്റ്റ് പ്രസിഡന്റായി പ. കാതോലിക്കാബാവാ നിയമിച്ചു. പ്രസ്ഥാനത്തിന്റെ മുൻകാല സെക്രട്ടറിയും ഇപ്പോഴത്തെ സജീവ പ്രവർത്തകനുമായ രാജ് ഫിലിപ്പിനെ വൈസ് പ്രസിഡന്റായി തിരഞ്ഞെടുത്തു.

അനുശോചനം

കുറിച്ചി: കുഴിമറ്റം ഇടവക മുൻ വികാരി സൈമൺ വെട്ടുകാട്ടിലച്ചന്റെയും ഇടവകയുടെയും യുവജനപ്രസ്ഥാനത്തിന്റെയും ഉറ്റസുഹൃത്തും വഴികാട്ടിയും കോട്ടയം ഭദ്രാസന യുവജനപ്രസ്ഥാനം മുൻ വൈസ്പ്രസിഡന്റുമായിരുന്ന എള്ളാലയിൽ ഇ. എം. ഫിലിപ്പ് അച്ചന്റെയും നിര്യാണത്തിൽ കുഴിമറ്റം സെന്റ് ജോർജ് യുവജനപ്രസ്ഥാനം അനുശോചിച്ചു.

പഠനോപകരണ വിതരണം

കുഴിമറ്റം: സെന്റ് ജോർജ്ജ് യുവജനപ്രസ്ഥാനത്തിന്റെ 'വിദ്യാദീപം' എന്ന വിദ്യാഭ്യാസ സഹായ പദ്ധതിയുടെ ഭാഗമായി കുഴിമറ്റം സെന്റ് ജോർജ്ജ് സണ്ടേസ്കൂൾ, മങ്ങാട്ടയം സെന്റ് തോമസ് സണ്ടേസ്കൂളുകളിലെ 30 കുട്ടികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്തു. ഫാ. വർഗീസ് മർക്കോസ് ആര്യാട്ട് ഉദ്ഘാടനം ചെയ്തു.

നവദമ്പതികൾക്ക് ആശംസകൾ

പാച്ചിറയിൽ സുബി ഏബ്രഹാമും ഡീക്കൻ ഷൈജു ചെറിയാനും

പാച്ചിറയിൽ റിനു ഫീലിപ്പോസും സിജോ ജോണും

പട്ടശ്ശേരിൽ സൈനു കുര്യനും ക്രിസ്റ്റി മാത്യു തോമസും

തെക്കേമറ്റത്തിൽ സ്റ്റെഫി എലിസബത്ത് ബെന്നിയും ജിജോ തോമസ് കുരുവിളയും

പാച്ചിറയിൽ ഗീതു വർഗീസും റെനിഷ് രാജുവും

Printed and Published by St. George Youth Movement, Kuzhimattom. Printed at Sophia Print House, Kottayam